**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2342** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നഗരസഭയിലെ അറവുശാലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ആറ്റിങ്ങൽ മാർക്കറ്റിലെ അറവുശാലയിലേക്ക് മൃഗങ്ങളെ കൊണ്ടുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അറവുശാലയിൽ നിന്നും ഇരുന്നൂറ് മീറ്റർ ദൂരത്തിൽ യു.പി.സ്കൂളും ഹയർ സെക്കൻഡറി സ്കൂളുമുള്ളതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ അറവുശാലകൾ പ്രവർത്തിക്കുന്നത് കുട്ടികളുടെ ജീവന് ഭീഷണിയാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സുരക്ഷാ മാനദണ്ഡം പാലിക്കുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കാരണത്താൽ ബിന്ദുകുമാരി എന്ന സ്ത്രീയുടെ ജീവൻ നഷ്ടപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആറ്റിങ്ങൽ നഗരസഭയുടെ വീഴ്ച മൂലം ജീവൻ നഷ്ടപെട്ട ഈ സംഭവത്തിൽ ഇവരുടെ കുടുംബത്തിന് സഹായം നല്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ആറ്റിങ്ങൽ നഗരസഭയുടെ അറവുശാല 2024-25 വർഷത്തേക്ക് ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. ലേലം കൊണ്ട ആളുടെ ഉത്തരവാദിത്തത്തിൽ ആണ് കശാപ്പ് നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത ദിവസം കശാപ്പിനായി കൊണ്ടുവന്ന കാളയെ വാഹനത്തിൽ അറവുശാലയിലെ കോമ്പൗണ്ടിനുള്ളിൽ പ്രവേശിപ്പിച്ച് വാഹനത്തിൽ നിന്നും ഇറക്കവേ വിഭ്രാന്തിയിൽ കയറുപൊട്ടിച്ച് ഓട്ടുകയും അറവുശാലയിൽ നിന്നും 1 കി.മീ മാറിയുള്ള സ്ഥലത്ത് വച്ച് ബിന്ദു കുമാരിയെ ഇടിച്ചുതെറിപ്പിച്ച സംഭവമാണ് ഉണ്ടായിട്ടുള്ളത്. കശാപ്പിനു കൊണ്ടുവന്ന മൃഗം വിരണ്ടോടിയതിനാലാണ് ഇത്തരം സംഭവം ഉണ്ടായിട്ടുള്ളത്. ആയത് നഗരസഭയുടെ വീഴ്ച മൂലം ഉണ്ടായിട്ടുള്ളതല്ല. |
| (ഡി) | അറവുശാലകളിൽ കശാപ്പിനായി കൊണ്ടുവരുന്ന അറവുമാടുകൾ അറവുശാലകൾ വിട്ടോടുന്ന സംഭവങ്ങൾ തടയാനും സുരക്ഷിതമായി കശാപ്പ് നടത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | പ്രസ്തുത അറവുശാല നടത്തിപ്പ് ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ ആണ് മൃഗങ്ങളെ കൊണ്ടുവരുന്നത്. നിലവിൽ കോമ്പൗണ്ട് വാൾ ഉള്ള അറവുശാലയുടെ അകത്ത് മൃഗങ്ങളെ പ്രവേശിപ്പിച്ച ശേഷമാണ് അറവിനായി കൊണ്ടുപോകുന്നത്. നിലവിൽ ടി കശാപ്പുശാല പുതുക്കി |

| | | | |
|---|---|---|---|
| | | | പണിയുന്നതിനുവേണ്ടിയുള്ള നടപടി ഇംപാക്റ്റ് കേരള മുഖാന്തരം നടന്നു വരുന്നു. നിലവിൽ ഈ അറവുശാലക്ക് കോമ്പൗണ്ട് വാൾ ഉൾപ്പെടെയുണ്ടെങ്കിലും ആധുനിക അറവുശാലയുടേതായ പൂർണ്ണമായ സംവിധാനങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള പൂർണ്ണമായ നവീകരണ പ്രവർത്തനം നടന്നുവരുന്നു. എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിക്കുന്നതാണ്. |
| (ഇ) | ആറ്റിങ്ങൽ മാർക്കറ്റിലെ അറവുശാലയിലേക്ക് സുരക്ഷിതമായി മൃഗങ്ങളെ കൊണ്ടുവരുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | പ്രസ്തുത അറവുശാല നടത്തിപ്പ് ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ ആണ് മൃഗങ്ങളെ കൊണ്ടുവരുന്നത്. നിലവിൽ കോമ്പൗണ്ട് വാൾ ഉള്ള അറവുശാലയുടെ അകത്ത് മൃഗങ്ങളെ പ്രവേശിപ്പിച്ച ശേഷമാണ് അറവിനായി കൊണ്ടുപോകുന്നത്. നിലവിൽ ടി കശാപ്പുശാല പുതുക്കി പണിയുന്നതിനുവേണ്ടിയുള്ള നടപടി ഇംപാക്റ്റ് കേരള മുഖാന്തരം നടന്നു വരുന്നു. നിലവിൽ ഈ അറവുശാലക്ക് കോമ്പൗണ്ട് വാൾ ഉൾപ്പെടെയുണ്ടെങ്കിലും ആധുനിക അറവുശാലയുടേതായ പൂർണ്ണമായ സംവിധാനങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള പൂർണ്ണമായ നവീകരണ പ്രവർത്തനം നടന്നുവരുന്നു. എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ